III. ശ്രദ്ധ ക്ഷണിക്കൽ

ഇഞ്ചിക്കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. എം. വി. മാണി: സർ, ഈ രാജ്യത്തെ ഏറ്റവും പാവപ്പെട്ട, ഇന്നും ഗവൺമെൻറ് തിരിഞ്ഞു നോക്കാത്ത, അനേകായിരം കൃഷിക്കാരുടെ നീറുന്ന പ്രശ്നങ്ങളിൽ ഗവൺമെൻറിൻെറ ശ്രദ്ധ ക്ഷണിക്കാനാണ് ഞാനിവിടെ നിൽക്കുന്നത്. പരമ്പരാഗതമായ ഒരു കൃഷിയാണ് ഇഞ്ചിക്കൃഷി. 1977-78-ലെ കണക്കനുസരിച്ചാണെങ്കിൽ 12,000-ത്തിൽ ശിഷ്ടം ഹെക്ടർ സ്ഥലത്ത് ഇഞ്ചി കൃഷിചെയ്തിട്ടുണ്ട്. പത്തുസെൻറുമുതൽ ഒരേക്കർ വരെ ഉള്ള പാവപ്പെട്ട കൃഷിക്കാരാണ് ഈ തൊഴിലിലേർപ്പെട്ടിരിക്കുന്നത്. 1977-78-ൽ 33,000-ത്തിൽ ശിഷ്ടം ടൺ ഇഞ്ചി ഉണക്കി ചുക്ക് ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. കുരുമുളകും ഏലവും കഴിഞ്ഞാൽ ഏറ്റവും വിദേശനാണ്യം നേടുന്ന സുഗന്ധദ്രവ്യങ്ങളാണ് ചുക്കും ഇഞ്ചിയും. 1977-78 കാലഘട്ടത്തിൽ ഏതാണ്ട് 17 കോടി രൂപയുടെ വിദേശനാണ്യം ഇതിൻെറ കയറ്റുമതിയിൽനിന്ന് രാജ്യത്തിന് കിട്ടിയിട്ടുണ്ട് എന്നോർക്കുമ്പോൾ നമ്മുടെ രാജ്യത്തിൻെറ സാമ്പത്തിക സംവിധാനത്തിൽ ഈ കൃഷിക്ക് എത്രമാത്രം പ്രാധാന്യമുണ്ടെന്ന് ശ്രദ്ധിക്കണം. 1976-77, 1977-78 കാലഘട്ടം വരെയും ഇഞ്ചിക്ക്, അല്ലെങ്കിൽ ചുക്കിനും, ഇഞ്ചിക്കും സാമാന്യം നല്ല വില ലഭിച്ചു. 1976-77-ൽ ഒരു ക്വിൻറലിന് 1,700 രൂപ വരെ കൃഷിക്കാർക്ക് കിട്ടിയിരുന്നു. 1977-78-ൽ 1,400 രൂപയായി കുറഞ്ഞുവെങ്കിലും അത് സാമാന്യം നല്ല വിലയായി കൃഷിക്കാർ കണക്കാക്കിക്കൊണ്ടിരുന്നു. 1977-78 കാലഘട്ടത്തിൽ ഈ കൃഷിയുടെ ചരിത്രത്തിൽ അഭൂതപൂർവമായ ഒരു വിലയിടിവാണുണ്ടായത്. ഉൽപാദനച്ചെലവുമായി യാതൊരു രീതിയിലും താരതമ്യപ്പെടുത്താനാവാത്ത രീതിയിൽ ഒരു ക്വിൻറൽ ചുക്കിന് 1,400 രൂപയുണ്ടായിരുന്നത് 450 രൂപയിലേക്ക് താണു. രണ്ടു വർഷമായി അത് താഴോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ രാജ്യത്തെ പാവപ്പെട്ട കൃഷിക്കാരനനുഭവിക്കുന്ന അവർണ്ണനീയമായ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ഗവൺമെൻറ് ഉടനെ രംഗത്തു വരണമെന്ന് കഴിഞ്ഞ വർഷംതന്നെ ഇഞ്ചിക്കൃഷിക്കാരെ പ്രതിനിധീകരിച്ച് ഗവൺമെൻറിനും മന്ത്രിക്കും ഒക്കെ നിവേദനം നടത്തി. എന്നാൽ കഴിഞ്ഞ ഒരു വർഷമായി ഗവൺമെൻറ് ഇക്കാര്യത്തിൽ ചെറുവിരൽപോലുമനക്കിയില്ല എന്നുള്ളത് ദുഃഖകരമായ സത്യമാണ്.

ചുക്കിന് ഗൾഫ് രാജ്യങ്ങളിലും യൂറോപ്യൻ രാജ്യങ്ങളിലും സോവിയറ്റുയൂണിയനിലും, അമേരിക്കയിലും, വിദേശരാജ്യങ്ങളിലെല്ലാംതന്നെ ഡിമാൻഡുള്ള അവസ്ഥതന്നെയാണ്. ആ രാജ്യങ്ങളിൽ വില കുറഞ്ഞിട്ടുമില്ല. കൂത്തകവ്യവസായികളും, കയറ്റുമതിക്കാരും, ഇടത്തട്ടുകാരും, കച്ചവടക്കാരും ക്വിൻറലിന് 1,400-ം, 1,500-ം രൂപയ്ക്കാണ് അഡ്വാൻസായിട്ട് കച്ചവടം നടത്തിയിരിക്കുന്നത്. ഈ രാജ്യത്തെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം സ്റ്റോക്ക് ചെയ്യാൻ സൗകര്യമില്ലാത്തതുകൊണ്ടും കൂടുതൽ സ്റ്റോക്ക് ചെയ്യാൻ നിവൃത്തിയില്ലാത്തതുകൊണ്ടും പിടിയാവിലയ്ക്ക് കയറ്റുമതിക്കാരുടെ നിർബന്ധത്തിനും ഇംഗിതത്തിനും വഴങ്ങി വിട്ടുകൊണ്ടിരിക്കുന്ന ഒരു സ്ഥിതിയാണുള്ളത്. അതുകൊണ്ട് ഈ കൃഷിയെ സംബന്ധിച്ചിടത്തോളം ചരിത്രത്തിൽ ഉണ്ടാകാത്ത രീതിയിലാണ് വമ്പിച്ച വിലയിടിവുണ്ടായിരിക്കുന്നത്. അടിയന്തിരമായ ശ്രദ്ധ ഗവൺമെൻറ് പതിപ്പിച്ചില്ലെങ്കിൽ (രണ്ടുമൂന്ന് മാസത്തിനുള്ളിൽ സീസൺ വരികയാണ്) താങ്ങാനാകാത്ത നഷ്ടം വരികയും ഈ കൃഷിക്കുതന്നെ ഈ രാജ്യത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലായ്മ വരാൻ ഇടയാവുകയും ചെയ്യും; ആ സ്ഥിതിയിൽ എത്തിനിൽക്കുകയാണ്. അടിയന്തിരമായി, കയറ്റുമതിയെ സംബന്ധിച്ചിടത്തോളം ഇന്നുള്ള കുത്തക അവസാനിപ്പിക്കണം. എന്നിട്ട് മാർക്കറ്റിംഗ് ഫെഡറേഷനോ, എസ്. ടി. സി. യോ പോലുള്ള സ്ഥാപനങ്ങളെ ഏൽപിക്കണം. റെഗുലേറ്റഡ് മാർക്കറ്റിനെപ്പറ്റി പ്രസംഗിക്കുന്നുണ്ടെങ്കിലും ഏർപ്പെടുത്തിയിട്ടില്ല. അത് ആദ്യമായിട്ട് ഇഞ്ചിയുടെയും ചുക്കിന്റെയും കാര്യത്തിൽ ഏർപ്പെടുത്തിയാൽ കൃഷിക്കാർക്ക് അടിയന്തിരമായ ആശ്വാസം കിട്ടും.

ഗൾഫ് രാജ്യങ്ങളിൽ ഇതിന് വലിയ ഡിമാൻഡ് ആണ്. നമ്മുടെ റവന്യൂ മന്ത്രിയും വിദ്യാഭ്യാസമന്ത്രിയും കഴിഞ്ഞവർഷം ഗൾഫ് രാജ്യങ്ങൾ സന്ദർശിച്ചപ്പോൾ ഒരു കിലോ പച്ച ഇഞ്ചിക്ക് അവിടെ 25 രൂപ വിലയുള്ളതായിട്ടാണ് പറഞ്ഞത്. അതേസമയം ഇവിടെ കൃഷിക്കാരന് കിട്ടുന്നത് ഒന്നര രൂപയാണ്. ഇത് കയറ്റി അയയ്ക്കാൻ തിരുവനന്തപുരത്തുനിന്ന് എയർ കാർഗോ സർവീസുകൂടി ആരംഭിച്ചിട്ടുണ്ട്. പക്ഷേ ഞാൻ മനസ്സിലാക്കുന്നത് ഇവിടെ നിന്നയയ്ക്കുന്നതിനെ ബോംബെയിൽ നിന്നുള്ളതിനേക്കാൾ 4 രൂപ ഒരു കിലോയ്ക്ക് കൂടുതലാണെന്നാണ്. അതുകൊണ്ട് എയർ കാർഗോ സർവീസിൽ ഇവിടെ നിന്നും ബോംബെയിൽനിന്നും അയയ്ക്കുന്നതിലുള്ള ഈ വമ്പിച്ച വ്യത്യാസം, കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് കുറയ്ക്കണം. അത് കുറച്ചാൽ ആയിരക്കണക്കിന് ടൺ പച്ച ഇഞ്ചി വിദേശരാജ്യങ്ങളിലേക്കയയ്ക്കാൻ കൃഷിക്കാരെ സഹായിക്കാൻ നമുക്ക് സാധിക്കും.

ധനസഹായസ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്ത് കൃഷിചെയ്ത കൃഷിക്കാർ സാമ്പത്തികമായി തകർന്നിരിക്കുകയാണ്. അവർക്ക് ഈ വായ്പ പലിശയില്ലാതെ ഒരു കൊല്ലത്തേക്ക് നീട്ടിക്കൊടുക്കാനും ഈ കൃഷി നിലനിർത്താനും വേണ്ടതു ചെയ്യാൻ ഈ ഗവൺമെന്റ് അടിയന്തിരമായി ശ്രദ്ധ ചെലുത്തണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. കയറ്റുമതിയിലെ ഇടത്തട്ടുകാരേയും കുത്തകക്കാരേയും ഒഴിവാക്കാൻ അടിയന്തിരമായി ശ്രദ്ധിച്ചാൽ തീർച്ചയായും ഇഞ്ചിക്കൃഷിക്കാർക്ക് ഇന്നുള്ള ബുദ്ധിമുട്ടുകളും പരിഹരിക്കാൻ കഴിയും. നാടിന് അനേകകോടി രൂപയുടെ വിദേശനാണ്യം നേടാനും ഗ്രാമപ്രദേശങ്ങളിൽ പതിനായിരക്കണക്കിനാളുകൾക്ക് തൊഴിലവസരങ്ങളുണ്ടാക്കാനും സാധിക്കും. ഇത്ര ബൃഹത്തായ ഈ കാര്യത്തിന്റെ അടിയന്തിരപ്രാധാന്യം ശ്രദ്ധിച്ച് നടപടി സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ഗവൺമെന്റിനോടഭ്യർത്ഥിക്കുകയാണ്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻനായർ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇഞ്ചിക്ക് വില കുറഞ്ഞിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. കുറേക്കാലമായി, ഇക്കൊല്ലം ആദ്യംമുതൽതന്നെ, വില ഇടിഞ്ഞിടിഞ്ഞു വരികയാണ്. അവസാനം ഇപ്പോൾ കപിൻറലിന് 450 രൂപയിൽ വന്നുനിൽക്കുന്നു. ഇത് തീർച്ചയായും കൃഷിചെയ്യാൻ കൂടുതൽ പ്രോൽസാഹനം നൽകുകയില്ല എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇത് ഏറ്റവും കൂടുതൽ കയറ്റി അയയ്ക്കുന്ന ഒരു കൃഷിവിഭവമാണ്. വളരെ രസകരമായിട്ടുള്ളത് ഇതിന്റെ വില കുറയുംന്തോറും കയറ്റി അയയ്ക്കുന്ന അളവ് കൂടുതലായിവരുന്നു എന്നുള്ളതാണ്. വില കൂട്ടുക എന്നുള്ളതിനേക്കാൾ, കുറഞ്ഞ ചെലവിൽ ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള ശ്രമം നടത്തുകയാണ് യഥാർത്ഥത്തിൽ വേണ്ടത്. അതിനുള്ള ശ്രമം നടക്കുന്നു. ഇന്ന് ഏറ്റവും കൂടുതൽ മറ്റുരാജ്യങ്ങളിൽ ആവശ്യമുള്ള ഇഞ്ചി എറണാകുളം, കോട്ടയം ഡിസ്ട്രിക്ടുകളിൽ ഉൽപ്പാദിപ്പിക്കുന്ന തരത്തി

LIBRARY ARCHIVES Kerala Legislative Assembly

ലുള്ള ഇഞ്ചിയാണ്. അതിന്റെ ഉൽപാദനം വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള നടപടിക്രമങ്ങളാണ് സ്വീകരിക്കേണ്ടത്. എന്നാൽ നിർഭാഗ്യവശാൽ ഒരു പുതിയ ഇനം ഇഞ്ചി കൃഷിചെയ്യാനാണ് നമ്മുടെ കൃഷിക്കാർ കൂടുതൽ ഉൽസാഹം കാണിക്കുന്നത്. പക്ഷേ അതിന് വിദേശരാജ്യങ്ങളിൽ വിപണി കിട്ടുന്നുമില്ല. അതിൽ വെള്ളത്തിന്റെ അംശം കൂടുതലാണ്. പക്ഷേ ഇത് ഉൽപാദനശേഷിയുള്ള ഒരിനമാണുപോലും. ഈ ഇഞ്ചിയുടെ കൃഷിയെ പ്രോൽസാഹിപ്പിക്കാനും സാധ്യമല്ല എന്നു വരുന്നു.

ഏറ്റവും കൂടുതൽ പ്രോൽസാഹനമർഹിക്കുന്ന ഒരു കൃഷി എന്ന നിലയിൽ ഇഞ്ചിക്കൃഷിക്ക് വേണ്ടിടത്തോളം കാര്യങ്ങൾ ചെയ്യാൻ ഗവൺമെൻറ് ശ്രമിക്കുന്നുണ്ട്. ഒരു ഉദാഹരണം പറയാം. ഇൻഡ്യയിൽനിന്ന് പച്ചക്കറി കയറ്റി അയയ്ക്കാൻ പാടില്ലെന്ന് കേന്ദ്രഗവൺമെൻറിൽനിന്ന് ഒരു വിലക്കു വന്നു. ശ്രീ. മാണി ഉൾപ്പെടെയുള്ളവരുടെ നിവേദനവും മറ്റു കാരണങ്ങളുംകൊണ്ട്, അതിൽനിന്ന് ഇഞ്ചിയെ ഒഴിവാക്കണമെന്ന് ഈ ഗവൺമെൻറ് കേന്ദ്രഗവൺമെൻറിനോട് നിവേദനം നടത്തുകയും കേന്ദ്ര ഗവൺമെൻറ് ആ വിലക്കിൽനിന്ന് ഇഞ്ചിയെ ഒഴിവാക്കി കയറ്റി അയയ്ക്കാൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഞാൻ പറയുന്നത്, ഗവൺമെൻറ് ഇത് അലംഭാവത്തോടുകൂടിയല്ല കാണുന്നത് എന്ന് സൂചിപ്പിക്കാനാണ്.

അതുപോലെതന്നെ, ഇന്നതൊക്കെ ചെയ്യണം എന്ന് അദ്ദേഹം സൂചിപ്പിച്ചതിൽ മിക്കവാറും കാര്യങ്ങൾ ഇതിനകംതന്നെ ഗവൺമെൻറ് ചെയ്തുകൊണ്ടിരിക്കുകയാണ്, അതിനുള്ള നിർദ്ദേശങ്ങൾ നൽകിയിരിക്കുകയാണ്. ഇഞ്ചിക്കൃഷിക്കാർക്ക് ഇഞ്ചിയും ചുക്കും സൂക്ഷിക്കാൻ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കണമെന്ന് വെയർഹൗസിംഗ് കോർപ്പറേഷനോടാവശ്യപ്പെട്ടിട്ടുണ്ട്. അവരതിനുള്ള നടപടി നടത്തുന്നു. അതുപോലെതന്നെ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറ് മുഖേന, മറ്റു രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കാൻ കാർഗോ സർവീസ് ഉപയോഗപ്പെടുത്താൻ പല നടപടികളും എടുത്തിട്ടുണ്ട്. ഇതിനെല്ലാം പുറമേ ഇൻഡ്യഗവൺമെൻറിനോട്, ഈ കൃഷി ചെയ്യുന്ന ആളുകൾക്ക്, വിദേശനാണ്യം ലഭിക്കുന്ന ഒരു കൃഷി എന്ന നിലയിൽ, വേണ്ടിടത്തോളം പ്രോൽസാഹനം നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കൃഷിയെ സംബന്ധിച്ചിടത്തോളം വളരെ ഗൗരവമായി ഗവൺമെൻറ് കണക്കാക്കുകയും അതിന് സംസ്ഥാന ഗവൺമെൻറിനെക്കൊണ്ടും കേന്ദ്രഗവൺമെൻറിനെക്കൊണ്ടും ചെയ്യാൻ സാധിക്കുന്ന എല്ലാ കാര്യങ്ങളും ചെയ്യാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. അത് മേലാലും തുടരുമെന്ന് ബഹുമാനപ്പെട്ട മെമ്പർക്കും സഭയ്ക്കും ഉറപ്പുതരാൻ എനിക്ക് സന്തോഷമുണ്ട്.

ശ്രീ. എം. വി. മാണി: തിരുവനന്തപുരത്തുനിന്ന് ഇപ്പോഴത്തെ എയർ കാർഗോ സർവീസിൽ അയയ്ക്കാൻ ബോംബെയിൽ നിന്നയയ്ക്കുന്നതിനേക്കാൾ കിലോയ്ക്ക് 4 രൂപ കൂടുതലാണ്. എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിദേശങ്ങളിൽ വളരെയധികം ഡിമാൻഡുള്ള സാധനമാണ്. കുത്തകക്കാർ വില ഒതുക്കിവച്ചിരിക്കുന്നതുകൊണ്ടാണ് കൃഷിക്കാർക്ക് കിട്ടാത്തത് എന്നുള്ളതുകൊണ്ട് ഒരു വിദഗ്ദ്ധ കമ്മിറ്റിയെ അയച്ച് ഇതിന് എവിടെയൊക്കെ ഡിമാൻഡ് ഉണ്ടെന്ന് പഠിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. എസ്. വരദരാജൻനായർ: പഠിക്കേണ്ട കാര്യമേയില്ല; പഠിച്ചുകൊണ്ടിരിക്കുകയാണ്; പഠിച്ചു മിക്കവാറും തീർന്നിരിക്കുകയാണ്. ചെയ്യാനുള്ള നിർദ്ദേശങ്ങളും ഉണ്ടായിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly